"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് – 2021-22 വാർഷിക പദ്ധതി – കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി അടിയന്തര പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.911/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 26/04/2021

---

പരാമർശം:- 1 21.07.2020-ലെ സ.ഉ.(സാധാ) നം. 1382/2020/തസ്വഭവ.

2 02.02.2021-ലെ സ.ഉ.(സാധാ) നം.282/2021/തസ്വഭവ.

3 തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 22/04/2021-ലെ ഡി.സി.1/24/2021/ തസ്വഭവ നമ്പർ കത്ത്

4 23.04.2021-ലെ ഡി.സി.1/86/2021/തസ്വഭവ നമ്പർ സർക്കുലർ

**ഉത്തരവ്**

കൊവിഡ് മഹാമാരിയുടെ രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അടിയന്തര പ്രാധാന്യത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിക്കൊണ്ടും അതിന് ചുവടെ വിവരിക്കുന്ന മാർഗനിർദ്ദേശങ്ങൾ നിശ്ചയിച്ചുകൊണ്ടും സർക്കാർ ഉത്തരവാകുന്നു.

2. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ ഏറ്റെടുത്ത് നടപ്പാക്കാവുന്നതാണ്-

**2.1** ക്വാറന്റീൻ കേന്ദ്രങ്ങൾ, കൊവിഡ് ഫസ്റ്റ് ലെവൽ ട്രീറ്റ്മെന്റ് സെന്ററുകൾ (CFLTC), കൊവിഡ് സെക്കന്റ് ലെവൽ ട്രീറ്റ്മെന്റ് സെന്ററുകൾ (CSLTC), ഡൊമിസിലിയറി കെയർ സെന്ററുകൾ (DCC) എന്നിവ സ്ഥാപിക്കുന്നതും പരിപാലിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ (മരാമത്ത് പ്രവൃത്തികൾ, സാധന സമഗ്രികൾ വാങ്ങൽ, മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ, താൽക്കാലികമായി നിയോഗിക്കുന്നവർക്ക് വേതനം നൽകൽ, കുടിവെള്ളം, ഭക്ഷണം മുതലായവ ലഭ്യമാക്കൽ, ശുചീകരണ സാധനങ്ങൾ വാങ്ങൽ, ശുചീകരണ പ്രവർത്തനങ്ങൾ തുടങ്ങി ഇത്തരം കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട ചെലവുകൾ)

**2.2** വാർഡ്തല സമിതികളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ (ബോധവൽക്ക രണ പ്രവർത്തനങ്ങൾ, ക്രഷ് ദി കർവ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ, കൊവിഡ് പ്രോട്ടോക്കാൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ)

**2.3** ശുചീകരണ പ്രവർത്തനങ്ങൾ, പൊതു സ്ഥലങ്ങൾ അണുവിമുക്തമാക്കൽ, ശുചീകരണ സാധനങ്ങൾ വാങ്ങൽ തുടങ്ങിയവ

2.4 കൊവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ (കൊവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ താമസത്തിനും യാത്രയ്ക്കും ഉള്ള ചെലവുകൾ, കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് താൽക്കാലികമായി നിയോഗിക്കുന്നവർക്കുള്ള വേതനം തുടങ്ങിയവ)
2.5 തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ രോഗ നിർണ്ണയ പരിശോധനയ്ക്കും വാക്സിനേഷനും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുക, കോവിഡ് രോഗികളുടെ പരിശോധന, ചികിത്സ തുടങ്ങിയവയുമായി ബന്ധപ്പെട്ട യാത്രകൾക്ക് വാഹനം / ആംബുലൻസ് സൗകര്യം ലഭ്യമാക്കുക എന്നിവ ഉൾപ്പെടെ ആരോഗ്യ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ
2.6 തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനങ്ങളിലെ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ
2.7 സർക്കാർ നിർദ്ദേശപ്രകാരം, കൊവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ടി വരുന്ന മറ്റ് പ്രവർത്തനങ്ങൾ

3. ഭരണസമിതി യോഗം ചേർന്ന് പ്രോജക്ടുകൾ സംബന്ധിച്ച തീരുമാനം എടുക്കേണ്ടതാണ്. പരാമർശം 4-ലെ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ ഓൺലൈൻ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങളിൽ യോഗങ്ങൾ ചേരാവുന്നതാണ്.

4. പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് സുലേഖ സോഫ്റ്റ് വെയറിലെ ‘അടിയന്തര സ്വഭാവത്തിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ’ (Special Projects) എന്ന സൗകര്യം ഉപയോഗിക്കാവുന്നതാണ്. ഈ ഉത്തരവ് പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് പൊതുവിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട്, സംഭാവന, എസ്.ഡി.ആർ.എഫിൽ നിന്നും ലഭിക്കുന്ന അഡ്വാൻസ് തുക, എസ്.ഡി.ആർ. എഫിൽ നിന്നും ലഭിക്കുന്ന റീ ഇംപേഴ്സ്മെന്റ് തുക എന്നിവ വകയിരുത്താവുന്നതാണ്. റോഡിതര മെയിന്റനൻസ് ഫണ്ടിൽ അനുവദനീയമായ പ്രവൃത്തികൾക്ക് പ്രസ്തുത ഫണ്ട് വകയിരുത്താവുന്നതാണ്. പൊതുവിഭാഗം സാധാരണ വിഹിതം, റോഡിതര മെയിന്റനൻസ് ഫണ്ട് എന്നിവയിൽ ഇപ്പോൾ ലഭ്യമായ ഫണ്ടിന് ഉപരിയായി (വാലിഡേഷന് പുറത്ത്) കൊവിഡ് പ്രതിരോധത്തിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. ഇതിനുള്ള സൗകര്യം സുലേഖ സോഫ്റ്റ് വെയറിൽ ഏർപ്പെടുത്തുന്നതാണ്.

5. കഴിവതും ഖണ്ഡിക 2-ൽ പ്രതിപാദിച്ചിട്ടുള്ള ഓരോ ഇനത്തിനും ഉള്ളിൽ വരുന്ന എല്ലാ പ്രവർത്തനങ്ങളും ചേർന്ന് ഒറ്റ പ്രോജക്ടായി തയ്യാറാക്കുന്നതിന് ശ്രമിക്കേണ്ടതാണ്. എന്നാൽ നിർമ്മാണ പ്രവൃത്തികൾ ഉണ്ടെങ്കിൽ അത് പ്രത്യേകം പ്രോജക്ടായി തയ്യാറാക്കാവുന്നതാണ്. പ്രോജക്ടുകളുടെ പേരിനൊപ്പം 'കൊവിഡ് പ്രതിരോധപ്രവർത്തനം' എന്നു കൂടി ചേർക്കേണ്ടതാണ്. പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ നിർബന്ധിത ഇനങ്ങൾ (Mandatory fields) മാത്രം പൂരിപ്പിച്ചാൽ മതിയാകും. മറ്റുള്ളവ പൂരിപ്പിക്കണമെന്ന് നിർബന്ധമില്ല. കൊവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾക്ക് നിർബന്ധിത ഇനങ്ങൾ സോഫ്റ്റ് വെയറിൽ പരമാവധി ചുരുക്കിയിട്ടുണ്ട്.

6. ജില്ലാ ആസൂത്രണസമിതിയുടെ അനുമതി ഇല്ലാതെ തന്നെ പ്രോജക്ടുകളുടെ നിർവഹണ നടപടികൾ ആരംഭിക്കാവുന്നതാണ്. കൊവിഡ് രോഗബാധയുമായി ബന്ധപ്പെട്ട സാഹചര്യം മെച്ചപ്പെടുമ്പോൾ ഈ മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾ വാർഷിക പദ്ധതികളിൽ കൊണ്ടുവന്ന് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ച് നടപടി ഉത്തരവിന്റെ (DPC Proceedings) ഭാഗമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

7. പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്. ഖണ്ഡിക 2.1 മുതൽ 2.5 വരെയുള്ള പ്രവർത്തനങ്ങളുടെ നിർവഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്തുകളിൽ സെക്രട്ടറിയും വെറ്റിംഗ് ഓഫീസർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും ആയിരിക്കും. മുനിസിപ്പാലിറ്റികളിൽ നിർവഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയും വെറ്റിംഗ് ഓഫീസർ നഗരകാര്യ

മേഖലാ ജോയിന്റ് ഡയറക്ടറും ആയിരിക്കും. കോർപ്പറേഷനുകളിൽ നിർവഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയും വെറ്റിംഗ് ഓഫീസർ നഗരകാര്യ ഡയറക്ടറും ആയിരിക്കും. ബ്ലോക്ക് പഞ്ചായത്തുകളിൽ നിർവഹണ ഉദ്യോഗസ്ഥൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും വെറ്റിംഗ് ഓഫീസർ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറും (ജനറൽ) ആയിരിക്കും. ജില്ലാപഞ്ചായത്ത് തലത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും വെറ്റിംഗ് ഓഫീസർ പഞ്ചായത്ത് ഡയറക്ടറും ആയിരിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആരോഗ്യ സ്ഥാപനത്തിലേയ്ക്ക് കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറും നിർമ്മാണ പ്രവൃത്തികൾ ആവശ്യമായി വരികയാണെങ്കിൽ അതിന്റെ നിർവഹണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട എഞ്ചിനീയറും ആയിരിക്കും.

8. സാങ്കേതികാനുമതി ആവശ്യമായ പ്രവൃത്തികൾ പ്രത്യേക പ്രോജക്ടായി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ അത് ഓൺലൈനായി വെറ്റിംഗ് ഓഫീസർക്ക് അയച്ച് സാങ്കേതികാനുമതി വാങ്ങാവുന്നതാണ്. പ്രത്യേക പ്രോജക്ട് തയ്യാറാക്കിയിട്ടില്ലെങ്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വെറ്റിംഗ് ഓഫിസറിൽ നിന്നും സോഫ്റ്റ് വെയറിലൂടെ അല്ലാതെ സാങ്കേതികാനുമതി വാങ്ങാവുന്നതാണ്.

9. സാഹചര്യം ആവശ്യപ്പെടുന്നതനുസരിച്ച് പ്രോജക്ടുകൾ ഭേദഗതി ചെയ്യാവുന്നതും വെറ്റിംഗ് ഓഫീസറിൽ നിന്നും പുതുക്കിയ അനുമതി വാങ്ങാവുന്നതുമാണ്. ഭേദഗതി ചെയ്യുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ അനുമതി ആവശ്യമില്ല.

10. വെറ്റിംഗ് ഓഫീസർമാർ പ്രോജക്ടുകളുടെ അംഗീകാര നടപടികൾ 24 മണിക്കൂറിനകം പൂർത്തിയാക്കി നൽകേണ്ടതാണ്.

11. കൊവിഡ് പ്രതിരോധ പ്രവർത്തനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള പ്രോജക്ടുകൾ മാത്രമേ ഈ മാർഗരേഖ അനുവദിക്കുന്ന പ്രത്യേക സൗകര്യം ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടുള്ളൂ. ഇക്കാര്യം സെക്രട്ടറിമാർ ഉറപ്പാക്കേണ്ടതാണ്.

12. എസ്.ഡി.ആർ.എഫിൽ നിന്നും അഡ്വാൻസ് ആയി ലഭിക്കുന്ന തുക ആവശ്യമായ രേഖകളും മറ്റ് വിശദാംശങ്ങളും സമർപ്പിച്ച് ക്രമപ്പെടുത്തേണ്ടതാണ്. അഡ്വാൻസ് ലഭിക്കാത്ത സന്ദർഭത്തിൽ റീ-ഇംപേഴ്സ്മെന്റിനുള്ള പ്രൊപ്പോസൽ സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ.എ.എസ്.**

**അഡീഷണൽ ചീഫ് സെക്രട്ടറി**

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പഞ്ചായത്ത് ഡയറക്ടർ
8. നഗരകാര്യ ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്

12. എല്ലാ ജില്ലാ ആസൂത്രണസമിതി അദ്ധ്യക്ഷന്മാർക്കും
13. എല്ലാ ജില്ലാകളക്ടർമാർക്കും
14. എല്ലാ ജില്ലാ പ്ലാനിംഗ്ഓഫീസർമാർക്കും
15. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
16. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
17. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
18. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SURESH KUMAR K
Date: 2021.04.26 17:48:49 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്

1. ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്